സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് 5 ദേശീയ പാതകളായ എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടിയായി പ്രസ്തുത പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചുവരുന്നു.

(സി) കെ.എസ്.ടി.പി. 2011-12 വർഷം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത 13 റോഡുകൾ 5 വർഷത്തെ ദീർഘപരിപാലന വ്യവസ്ഥയോടെ B.C. overlay ചെയ്ത് പൂർത്തിയാക്കിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡുവികസന പദ്ധതിയിൽ റോഡുകളുടെ 15 വർഷത്തെ പരിപാലനത്തിനായി കരാർ നിലവിലുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻ കീഴിൽ പ്രവൃത്തികൾ ചെയ്തു കഴിഞ്ഞാൽ defect liability period (ഗ്യാരണ്ടി കാലാവധി) നിലവിലുണ്ട്.

(ഡി) റോഡ് കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിലവിൽ ഉത്തരവാദിത്വമുണ്ട്. പക്ഷേ പ്രതികൂല കാലാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും റോഡ് പരിപാലനത്തിനെ ബാധിക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ചെലവഴിച്ച തുകയുടെ കണക്കുകൾ

320 (1377) ഡോ. ടി. എം. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ഈ വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ബി) മെയിന്റെനൻസ് വർക്കുകൾക്ക് തുക ചെലവഴിക്കാൻ ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടായിരുന്നു; അതുസംബന്ധമായ ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ വിശദമാക്കാമോ; തുക വിനിയോഗിച്ചിട്ടില്ലാത്തവർ ഏതെല്ലാം ഉദ്യോഗസ്ഥരാരാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ഈ വർഷം നിരത്ത് വിഭാഗത്തിൻ കീഴിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1* ആയും ദേശീയപാത വിഭാഗത്തിൻ കീഴിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2* ആയും ചേർക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ഗാന്ധി റോഡ് - മിനി ബൈപ്പാസ് റോഡ്, കോവൂർ-വെള്ളിമാട് കുന്ന് റോഡ് എന്നിവയുടെ മെയിന്റെനൻസിനായി 18.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി തൈക്കോട്-ചെങ്ങന്നൂർ റോഡിന്റെ മെയിന്റെനൻസിനായി 5,04,531 രൂപയും, കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ മെയിന്റെനൻസിനായി 2.69 കോടി രൂപയും, പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ മെയിന്റെനൻസിനായി 1.8 കോടി രൂപയും, തലശ്ശേരി - വളവുപാറ റോഡിന് 11.5 ലക്ഷം രൂപയും ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ മെയിന്റെനൻസിനായി 58 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി.

(ബി) 23-7-2014-ലെ സ.ഉ.(സാധാ) നമ്പർ 5656/14/ധന പ്രകാരം (അനുബന്ധം 3)* മെയിന്റെനൻസ് ജോലി നിർവ്വഹിക്കുവാൻ വേണ്ടി ഒരു സെക്ഷൻ ഓഫീസിന് 50,000 രൂപ വച്ച് അനുവദിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് മെയിന്റെനൻസ് ജോലികൾ ചെയ്യുന്നത്.

(സി) 84.75 ലക്ഷം രൂപ അനുവദിച്ചതിൽ 86.5 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ, വണ്ടൂർ, പരപ്പനങ്ങാടി എന്നിവർ തുക വിനിയോഗിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത പ്രവൃത്തികൾ

321 (1378) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് പ്രവൃത്തി, ജില്ല, അടങ്കൽ തുക തിരിച്ച് വിശദമാക്കാമോ;

(ബി) കോർപ്പറേഷൻ നേരിട്ടാണോ അതോ ഉപകരാർ നൽകിയാണോ കരാർ ചെയ്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്;

(സി) ഉപകരാർ ഏൽപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കോർപ്പറേഷനു കീഴിൽ ഉപകരാർ ഏറ്റവും കൂടുതൽ ഏറ്റെടുത്തത് ആരാണെന്നും അവർ ഏറ്റെടുത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly